(ഡി) സഹകരണ സ്ഥാപനങ്ങൾ ട്രഷറിയിൽ നിക്ഷേപം നടത്തുന്നതിന് ഭാരതീയ റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നും അതിനാൽ ട്രഷറിയിൽ നിക്ഷേപമുള്ള സഹകരണ ബാങ്കുകൾക്ക് പുനർ വായ്പ അനുവദിക്കുകയില്ലെന്നും നബാർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) നബാർഡിന്റെ നയം ശരിയാണെന്ന് സർക്കാർ കരുതുന്നില്ല.

## നീതിസ്റ്റോറുകൾ വഴി വിൽക്കുന്നതിനായി വാങ്ങിയ മരുന്നുകൾ

25. [*257] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
,, എൻ. ശക്തൻ :
,, ടി. എൻ. പ്രതാപൻ :
,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നീതി സ്റ്റോറുകൾവഴി വിൽക്കുന്നതിനായി വാങ്ങിയ മരുന്നുകളിൽ എന്തു തുകയ്ക്കുള്ള മരുന്ന് ഇപ്പോൾ സ്റ്റോറുക്കുണ്ട് ;

(ബി) ഇവയിൽ ഉപയോഗകാലാവധി കഴിഞ്ഞ മരുന്നുകളുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ഇനത്തിൽപ്പെടുന്ന മരുന്നുകൾ; എന്ത് വിലയ്ക്കുള്ള മരുന്നുകൾ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ മരുന്നുകൾക്ക് ഓർഡർ നൽകിയതാരാണ്.

(ഇ) ഈ മരുന്നുകൾക്ക് ഓർഡർ നൽകിയവരുടെ മേൽ എന്ത് നടപടി എടുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 1998-ൽ നീതി മെഡിക്കൽ സ്കീം ആരംഭിക്കുന്ന സമയത്ത് കൺസൾട്ടന്റായി നിയമിച്ചിരുന്ന ശ്രീ. ജോർജ് വർഗീസാണ് ഓർഡർ നൽകിയത്.

(ഇ) ഇതിന് ഉത്തരവാദികളായവരുടെ പേരിൽ 1969-ലെ സഹകരണ നിയമത്തിലെ 69-ാം വകുപ്പ് പ്രകാരം 144 മുതൽ 156/2001 വരെ നമ്പരായി ആർബിട്രേഷൻ കേസുകൾ കൺസ്യൂമർ ഫെഡറേഷൻ ഫയൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly